# തൗഹീദിന്റെ മഹത്വം

അല്ലാഹുﷻ പറഞ്ഞു:

﴿ ٱلَّذِينَ ءَامَنُواْ وَلَمۡ يَلۡبِسُوٓاْ إِيمَٰنَهُم بِظُلۡمٍ أُوْلَٰٓئِكَ لَهُمُ ٱلۡأَمۡنُ وَهُم مُّهۡتَدُونَ ﴾

(വിശ്വസിക്കുകയും; തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടി ക്കലർത്താതിരിക്കുകയും ചെയ്തവരാരോ, അവർക്കാണ് നിർഭയത്വം ഉള്ളത്. അവർ തന്നെയാണ് നേർമാർഗ്ഗം പ്രാപിച്ചവർ.) (വി.ഖു. 6:82)

ഉബാദത്ത് ഇബ്നു സ്വാമിത്ത്ؓവിൽ നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«مَنْ شهِدَ أَنْ لاَ إِلَهَ إلاّ الله وَحْدَهُ لاَ شَرِيكَ لَهُ, وَأَنّ مُحَمّداً عَبْدُهُ وَرَسُولُهُ, وَأَنّ عِيسَى عَبْدُ اللّهِ وَرسولُهُ وَكَلِمَتُهُ أَلْقَاهَا إِلَى مَرْيَمَ وَرُوحٌ مِنْهُ، وَالْجَنّةَ حَقٌّ, وَالنّارَ حَقٌّ أَدْخَلَهُ الله الْجَنّةَ عَلَى مَا كَانَ مِنَ الْعَمَلِ»

“അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും അവന് യാതൊരു പങ്കുകാരുമില്ലെന്നും, തീർച്ചയായും മുഹമ്മദ് അല്ലാഹുവിന്റെ ദാസനും ദൂതനും ആണെന്നും, തീർച്ചയായും ഈസാ അല്ലാഹുവിന്റെ ദാസനും ദൂതനും, മർയമിലേക്ക് അവൻ ഇട്ടു കൊടുത്ത അവന്റെ വചനവും, അവങ്കൽ നിന്നുള്ള ഒരാത്മാവുമാണെന്നും, സ്വർഗ്ഗം സത്യമാണെന്നും, നരകം സത്യമാണെന്നും, ആര് സാക്ഷ്യം വഹിച്ചുവോ, അവനെ താൻ ചെയ്ത പ്രവർത്തനങ്ങൾക്കനുസരിച്ചുള്ള (സ്വർഗ്ഗീയപദവികളിലായി) അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും.” (ബുഖാരി:, മുസ്ലിം)

ഇത്ബാൻؓവിൽനിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു

«فَإِنّ الله حَرّمَ عَلَى النّارِ مَنْ قَالَ: لاَ إِلَهَ إِلاّ الله, يَبْتَغِي بِذَلِكَ وَجْهَ الله»

“നിശ്ചയം അല്ലാഹു, ‘ലാ ഇലാഹ ഇല്ലല്ലാഹ്’ എന്ന് പറയുകയും അതിലൂടെ അല്ലാഹുവിന്റെ വജ്ഹ് ആഗ്രഹിക്കുകയും ചെയ്തവരെ നരകത്തിന് നിഷിദ്ധമാക്കിയിരിക്കുന്നു”(ബുഖാരി, മുസ്ലിം)

അബൂസഈദ് അൽഖുദ്‌രിﷺ വിൽനിന്ന് നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

(قالَ موسَى: يا ربِّ، علِّمْني شيئاً أَذْكركَ وأدعُوكَ بهِ. قالَ: يا موسَى ، قُلْ لاَ إلهَ إلاَّ اللهُ. قالَ: يا ربِّ كلُّ عِبادِكَ يقولونَ هذَا. قالَ: يا موسَى، لوْ أنَّ السمواتِ السبْعَ وعامرَهُنَّ غيرِي، والأرضينَ السبْعَ فِي كِفةٍ، ولا إلهَ إلاَّ اللهُ في كِفَّةٍ، مالتْ بهِنَّ لاَ إلهَ إلاَّ اللهُ)

“മൂസഽ പറഞ്ഞു: എന്റെ റബ്ബേ, നീ എന്നെ വല്ലതും പഠിപ്പിക്കേണമേ; അതുകൊണ്ട് എനിക്ക് നിന്നോട് ദുആ ഇരക്കുവാനും നിനക്കു ദിക്റെടുക്കുവാനും. (അല്ലാഹുﷻ) പറഞ്ഞു: മൂസാ താങ്കൾ പറയുക: ‘ലാ ഇലാഹ ഇല്ലല്ലാഹ്‘. അദ്ദേഹം പറഞ്ഞു: എന്റെ റബ്ബേ, നിന്റെ എല്ലാ ദാസന്മാരും ഇതു പറയുന്നു. (അല്ലാഹുﷻ) പറഞ്ഞു: മൂസാ നിശ്ചയം, ഏഴ് ആകാശങ്ങളും, ഞാൻ ഒഴികെയുള്ള അവയിൽ വസിക്കുന്നവയും, ഏഴ് ഭൂമികളും ഒരു തട്ടിലും ‘ലാ ഇലാഹ ഇല്ലല്ലാഹ്‘ മറ്റൊരു തട്ടിലും ആണെങ്കിൽ ‘ലാ ഇലാഹ ഇല്ലല്ലാഹ്‘ (വെച്ച തട്ട് ഭാരത്താൽ) ചായുന്നതാണ്.”[1]

അനസ്ﷺവിൽനിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«قال اللهُ تعالى: يا ابنَ آدَمَ لَوْ أَتَيْتَني بِقُرَابِ الأرْضِ خَطَايا ثُمّ لَقِيتَني لاَ تُشْرِكُ بِي شَيْئاً لأَتَيْتُكَ بِقُرَابِهَا مَغْفِرَةً»

“അല്ലാഹുﷻ പറഞ്ഞു: ആദമിന്റെ പുത്രാ നീ ഭൂമിയോളം പാപങ്ങളുമായി എന്റെ അരികിൽ വരുകയും പിന്നീട് നീ എന്നിൽ ഒന്നും പങ്കുചേർക്കാത്തവനായി എന്നെ കണ്ടുമുട്ടുകയും ചെയ്താൽ ഭൂമിയോളം മഗ്ഫിറത്തുമായി ഞാൻ നിന്റെ അരികിൽ വരുകതന്നെ ചെയ്യും” [2]

---

[1] സ്വഹീഹു ഇബ്നി ഹിബ്ബാൻ, ഹാകിം. ഇമാം ഹാകിം ഹദീഥിനെ ‘സ്വഹീഹ്’ ആക്കിയിട്ടുണ്ട്. പക്ഷേ, ഇബ്നു ഹജർ ‘തക്‌രീബി’ൽ പറഞ്ഞതു പോലെ അബുൽ ഹൈഥമിൽ നിന്നുള്ള ദർറാജിന്റെ ഈ ഹദീഥിൽ ദുർബലതയുള്ളതിനാൽ ഹദീഥിന്റെ സനദ് ‘ദ്വഈഫ് ’ ആകുന്നു.

[2] സുനനുത്തിർമുദി. ഹദീഥിനെ അൽബാനി ‘ഹസൻ’ ആക്കിയിട്ടുണ്ട്. അസ്സ്വഹീഹഃ 127 നോക്കുക.

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- അല്ലാഹുﷻയുടെ ഔദാര്യത്തിന്റെ വിശാലത.
- അല്ലാഹുﷻയുടെ അടുത്ത് തൗഹീദിനുള്ള പ്രതിഫലവർദ്ധനവ്.
- പ്രതിഫലം അതിമഹത്തരമാണെന്നതോടൊപ്പം അത് പാപങ്ങളെ മായിക്കും.
- സൂറത്ത് അൻആമിലെ 82ാം ആയത്തിന്റെ തഫ്സീർ.
- ഉബാദത്ﷺവിന്റെ ഹദീഥിലെ അഞ്ച് വിഷയങ്ങൾ താങ്കൾ നിരീക്ഷണവിധേയമാക്കുക.
- താങ്കൾ ഉബാദത്ﷺവിന്റെ ഹദീഥും ഇത്ബാൻﷺവിന്റെ ഹദീഥും ശേഷം പറയപ്പെട്ട ഹദീഥുകളും 'ജംഅ്' ചെയ്താൽ ''ലാ ഇലാഹ ഇല്ലല്ലാഹ്'' എന്നതിന്റെ അർത്ഥം താങ്കൾക്ക് വ്യക്തമാകും; വഞ്ചിതരുടെ പിഴവും താങ്കൾക്ക് ബോദ്ധ്യപ്പെടും.
- ഇത്ബാൻﷺവിന്റെ ഹദീഥിലുള്ള നിബന്ധനയെ ഉണർത്തൽ.
- 'ലാ ഇലാഹ ഇല്ലല്ലാഹു'വിന്റെ മഹത്വം അമ്പിയാക്കളെ പോലും ഉണർത്തൽ ആവശ്യമാണ്.
- മുഴുസൃഷ്ടികളേക്കാളും 'ലാ ഇലാഹ ഇല്ലല്ലാഹ്'വിന് തൂക്കം കൂടുതലാണെന്നകാര്യം ഉണർത്തൽ. എന്നാൽ അവ ഏറ്റു പാടുന്ന സിംഹജനങ്ങളും അതിന്റെ തൂക്കം കുറക്കുന്നു.
- ആകാശങ്ങളെപ്പോലെ ഭൂമിയും ഏഴെണ്ണമാണെന്നതിന്റെ ഖണ്ഡിതമായ തെളിവ്.
- ആകാശങ്ങളിൽ വസിക്കുന്നവർ ഉണ്ട്, തീർച്ച.
- അശ്അരീ മദ്ഹബുകാർക്കെതിരായി അല്ലാഹുﷻയുടെ വിശേഷണങ്ങളെ സ്ഥിരീകരിക്കൽ. (അശ്അരീ മദ്ഹബുകാർ അല്ലാഹുﷻ, സിംഹാസനസ്ഥനാണ് എന്നതുപോലുള്ള വിശേ ഷണങ്ങളെ നിഷേധിക്കുന്നവരാണ്. വിവ:)
- താങ്കൾ, അനസ്ﷺവിന്റെ ഹദീഥ് മനസ്സിലാക്കിയാൽ ഇത്ബാൻﷺവിന്റെ ഹദീഥിൽ പ്രവാചകൻﷺയുടെ വചനമായ "നിശ്ചയം അല്ലാഹു, 'ലാ ഇലാഹാ ഇല്ലല്ലാഹ്' എന്ന് പറയുകയും അതിലൂടെ അല്ലാഹുവിന്റെ 'വജ്ഹ്' ആഗ്രഹിക്കുകയും ചെയ്തവരെ നരകത്തിന് നിഷിദ്ധമാക്കിയിരിക്കുന്നു." എന്നതിന്റെ താല്പര്യം ശിർക്ക് ഉപേക്ഷിക്കലാണെന്നും അത് കേവലം നാവുകൊണ്ട് പറയൽ മാത്രമല്ലെന്നും മനസ്സിലാകും.

- അല്ലാഹുﷻയുടെ തിരുദാസന്മാരെന്നും തിരുദൂതന്മാരെന്നും ഈസാعليه السلامയെക്കുറിച്ചും മുഹമ്മദ്ﷺയെക്കുറിച്ചും 'ജംഅ്' ചെയ്തത് നിരീക്ഷിക്കുക.
- അല്ലാഹുﷻയുടെ കലിമത്താണെന്നത് കൊണ്ട് ഈസാعليه السلامയെ പ്രത്യേകമാക്കിയത് മനസ്സിലാക്കൽ.
- ഈസാعليه السلام, അല്ലാഹുﷻയിൽ നിന്നുള്ള 'റൂഹ്' ആണെന്ന് മനസ്സിലാക്കൽ.
- സ്വർഗ്ഗത്തിലും നരകത്തിലും വിശ്വസിക്കുന്നതിന്റെ ശ്രേഷ്ഠത മനസ്സിലാക്കൽ.
- "......അവനെ താൻ ചെയ്ത പ്രവർത്തനങ്ങൾക്കനുസരിച്ചുള്ള (സ്വർഗ്ഗീയപദവികളിലായി) അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും" എന്ന വചനം മനസ്സിലാക്കൽ.
- 'മീസാന്' ര ് തട്ടുകളുണ്ടെന്നത് മനസ്സിലാക്കൽ.
- 'വജ്ഹ്' (അല്ലാഹുﷻയുടെ തിരുമുഖം) എന്നുപറഞ്ഞത് മനസ്സിലാക്കൽ.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**